**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513</u>** **<u>11-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ ജോലിക്കാർക്ക് അവധി ആനുകൂല്യങ്ങൾ നൽകാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിയമന കരാർ വ്യവസ്ഥകളിൽ അവധി ആനുകൂല്യങ്ങൾക്ക് കെ.എസ്.ആർ. ബാധകമായിട്ടുള്ളതുമായ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം I, അനുബന്ധം VIII, റൂൾ (3) പ്രകാരം അർഹതപ്പെട്ട അവധി ആനുകൂല്യങ്ങൾ ധനവകുപ്പ നല്കാൻ നടപടി ഉണ്ടാകുമോ; അത് അടിയന്തിരമായി നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ, ഭാഗം I, അനുബന്ധം I ലെ മാതൃകയിലുള്ള കരാർ പ്രകാരമോ അല്ലെങ്കിൽ കെ.എസ്.ആർ. ലെ അവധി ചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ള കരാർ പ്രകാരമോ സർക്കാരിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിൽ നിശ്ചിത കാലയളവിലേക്ക് നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് കെ.എസ്.ആർ, ഭാഗം I, അനുബന്ധം VIII ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ അവധി ആനുകൂല്യങ്ങളും ചട്ടപ്രകാരം അനുവദനീയമാണ്. കെ.എസ്.ആർ., ഭാഗം I, അനുബന്ധം VIII, ചട്ടം 3 പ്രകാരം, ഓരോ നിയമനകരാറും ആദ്യമേ തന്നെ അഞ്ചു വർഷത്തിലധികവും എന്നാൽ ഒരു നിശ്ചിത കാലയളവിലേയ്ക്കുള്ളതുമാണെങ്കിലോ; അഞ്ചു വർഷത്തെയോ അതിൽ താഴെയോ കാലയളവുള്ള കരാർ ദീർഘിപ്പിക്കുന്നത് വഴി ആകെ കരാർ കാലയളവ് അഞ്ചു വർഷത്തിന് മേൽ എന്നാൽ ഒരു നിശ്ചിത കാലയളവിലേയ്ക്കുള്ളതുമാണെങ്കിലോ, ഇത്തരം കരാർ ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി റെഗുലർ ജീവനക്കാർക്ക് അനുവദനീയമായ അവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് എന്നാണ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. വ്യത്യസ്ത കരാറുകൾ വഴി വാർഷിക അടിസ്ഥാനത്തിൽ തുടർച്ചയായോ, ബ്രേക്കോടുകൂടെയോ നടത്തുന്ന കരാർ നിയമനങ്ങൾ ടി ചട്ടത്തിന്റെ പരിധിയിൽ വരികയില്ല. അത്തരം സാഹചര്യങ്ങളിൽ കെ.എസ്.ആർ., ഭാഗം I, അനുബന്ധം VIII, ചട്ടം 1 അല്ലെങ്കിൽ ചട്ടം 2 ആണ് ബാധകമാകുന്നത്. |
| (ബി) | ആദ്യ നിയമനം ഒരു വർഷത്തേക്കും പിന്നീട് സർവീസ് ബ്രേക്ക് ഇല്ലാതെ ഓരോ വർഷ0 വീതം കരാർ നിയമന കാലാവധി ദീർഘിപ്പിച്ച് അഞ്ചു വർഷ | (ബി) | കെ.എസ്.ആർ, ഭാഗം I, അനുബന്ധം I ലെ മാതൃകയിലുള്ള കരാർ പ്രകാരമോ അല്ലെങ്കിൽ കെ.എസ്.ആർ. ലെ അവധി ചട്ടങ്ങൾ |

| | | | |
|---|---|---|---|
| | സേവന കാലം കഴിഞ്ഞ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം I, അനുബന്ധം VIII, റൂൾ (3) പ്രകാരം ഏതൊക്കെ അവധി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടെന്നു വ്യക്തമാക്കുമോ? | | ബാധകമാക്കിയിട്ടുള്ള കരാർ പ്രകാരമോ സർക്കാരിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിൽ നിശ്ചിത കാലയളവിലേക്ക് നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് കെ.എസ്.ആർ, ഭാഗം I, അനുബന്ധം VIII ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ അവധി ആനുകൂല്യങ്ങളും ചട്ടപ്രകാരം അനുവദനീയമാണ്. കെ.എസ്.ആർ., ഭാഗം I, അനുബന്ധം VIII, ചട്ടം 3 പ്രകാരം, ഓരോ നിയമനകരാറും ആദ്യമേ തന്നെ അഞ്ചു വർഷത്തിലധികവും എന്നാൽ ഒരു നിശ്ചിത കാലയളവിലേയ്ക്കുള്ളതുമാണെങ്കിലോ; അഞ്ചു വർഷത്തെയോ അതിൽ താഴെയോ കാലയളവുള്ള കരാർ ദീർഘിപ്പിക്കുന്നത് വഴി ആകെ കരാർ കാലയളവ് അഞ്ചു വർഷത്തിന് മേൽ എന്നാൽ ഒരു നിശ്ചിത കാലയളവിലേയ്ക്കുള്ളതുമാണെങ്കിലോ, ഇത്തരം കരാർ ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി റെഗുലർ ജീവനക്കാർക്ക് അനുവദനീയമായ അവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് എന്നാണ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. വ്യത്യസ്ത കരാറുകൾ വഴി വാർഷിക അടിസ്ഥാനത്തിൽ തുടർച്ചയായോ, ബ്രേക്കോടുകൂടെയോ നടത്തുന്ന കരാർ നിയമനങ്ങൾ ടി ചട്ടത്തിന്റെ പരിധിയിൽ വരികയില്ല. അത്തരം സാഹചര്യങ്ങളിൽ കെ.എസ്.ആർ., ഭാഗം I, അനുബന്ധം VIII, ചട്ടം 1 അല്ലെങ്കിൽ ചട്ടം 2 ആണ് ബാധകമാകുന്നത്. |

സെക്ഷൻ ഓഫീസർ